# അല്ലാഹുവിന്റെ അനുഗ്രഹം
# ശിർക്കാക്കി മാറ്റുന്ന
# ജമാഅത്തെ ഇസ്‌ലാമി

"ഥമൂദ് ഗോത്രത്തിലേക്ക്
പ്രവാചകനായ സ്വാലിഹ്(അ) വന്നു.
സ്വാലിഹ്(അ) വന്ന്പ്പോൾ ആ സമൂഹത്തിൽ
വിഗ്രഹാരാധകർ ഉണ്ടായിരുന്നു. ബഹുദൈവാരാധകർ
ഉണ്ടായിരുന്നു. ആ ബഹുദൈവാരാധനയെ പ്രവാചകനായ
സ്വാലിഹ് എതിർത്തു. അതേപോലെ തന്നെ മലമുകളിൽ പാറകൾ
തുരന്ന് വീടുണ്ടാക്കുന്നവരായിരുന്നു അവർ. പൊങ്ങച്ചം നടിക്കുന്നവ
രായിരുന്നു. അതിനേയും എതിർത്തു. രണ്ടും ഒരു പോലെ എതിർത്തു.
ഒന്നിനേയും അവഗണിച്ചില്ല. അവരിലുണ്ടായിരുന്ന തൗഹീദിനു വിരുദ്ധ
മായ രണ്ടിനേയും ഒരുപോലെ എതിർക്കുകയാണ് ചെയ്തത്."

അറേബ്യയിലെ വളരെ പ്രാചീനമായ ഒരു സമുദായമായിരുന്നു ഥമൂദ്. മലമ്പാറകൾ വെട്ടിത്തുരന്ന് അവയിൽ വീടുണ്ടാക്കാനും, പരപ്പായി കിടക്കുന്ന സമതലങ്ങളിൽ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കാനും സവിശേഷമായ പാടവമുള്ളവരായിരുന്നു അവർ. ബഹുദൈവാരാധനയിൽ ആണ്ടുപോയ, സ്രഷ്ടാവിനോടുള്ള ബാധ്യതയിൽ അജ്ഞരായി ജീവിച്ചുപോന്ന ആ ജനതയെ മാനവീകമായി പിഴയറ്റ ജനതയാക്കാനും അല്ലാഹുവിനെ കുറിച്ചും പുനരുത്ഥാനത്തെ കുറിച്ചുമെല്ലാം മുന്നറിയിപ്പ് നല്കാനുമായി അവരിലേക്ക് സ്വാലിഹ്(അ) നബിയെ അല്ലാഹു നിയോഗിച്ചു. ദൃഢഗാത്രരും ഊർജ്ജസ്വലരുമായ അവരെ തൗഹീദിലേക്ക് ക്ഷണിച്ചപ്പോൾ വളരെ ധിക്കാരത്തോടെയാണ് അവർ സ്വാലിഹ്(അ) നബിയോട് പ്രതികരിച്ചത്. പകരം വെക്കാനില്ലാത്തതായ തങ്ങളുടെ അഭിവൃദ്ധിയിൽ നിഗളിച്ചിരുന്ന അവർ ദൈവനിഷേധികളായി മാറിയ ചരിത്രമാണ് പരിശുദ്ധ ഖുർആനിലൂടെ അല്ലാഹു നമ്മെ അറിയിക്കുന്നത്.

എന്നാൽ, ഈ ഒരു ചരിത്രത്തെ തങ്ങളുടെ രാഷ്ട്രീയവീക്ഷണങ്ങൾക്കുള്ള പ്രാമാണികമായ തെളിവായി വളച്ചൊടിക്കാൻ ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കളിൽ ഒരാളായ ശൈഖ് മുഹമ്മദ് കാരക്കുന്ന് സാഹിബ് മുതിർന്നു. അതിനുവേണ്ടി അദ്ദേഹം അല്ലാഹുവിന്റെ പേരിലും സ്വാലിഹ്(അ) നബിയുടെ പേരിലും പച്ചക്കള്ളം ബഹുജനസമക്ഷത്തിൽ പ്രസംഗിച്ചു. ***"ഇസ്‌ലാമിക പ്രബോധന രംഗത്ത് ഒരൊറ്റ പ്രവാചകനും അഭിമുഖീകരിച്ചിട്ടില്ലാത്ത കടുത്ത പ്രതിസന്ധിയാണ് ഇവിടുത്തെ പ്രസ്ഥാനപ്രവർത്തകർ നേരിടുന്നത്"***[1] എന്ന് എഴുതിയ വ്യക്തിക്ക് ഇപ്രകാരം പ്രവാചകൻമാരുടെ ദൗത്യത്തെകുറിച്ച് കോട്ടിമാട്ടാനാണോ പ്രയാസം?

---

[1] ശൈഖ് മുഹമ്മദ് കാരക്കുന്ന് സാഹിബ്, ജമാഅത്തെ ഇസ്‌ലാമി ലഘു പരിചയം, പേജ്: 84)

പുനർവായനക്കും, പുനരാലോചനക്കുമായി മേൽസൂചിപ്പിച്ച അദ്ദേഹത്തിന്റെ പ്രഭാഷണം പകർത്തിയെഴുതിയത് ചുവടെ കൊടുക്കുന്നു:

“ഥമൂദ് ഗോത്രത്തിലേക്ക് പ്രവാചകനായ സ്വാലിഹ്(അ) വന്നു. സ്വാലിഹ്(അ) വന്നപ്പോൾ ആ സമൂഹത്തിൽ വിഗ്രഹാരാധകർ ഉണ്ടായിരുന്നു. ബഹുദൈവാരാധകർ ഉണ്ടായിരുന്നു. ആ ബഹുദൈവാരാധനയെ പ്രവാചകനായ സ്വാലിഹ് എതിർത്തു. അതേപോലെ തന്നെ മലമുകളിൽ പാറകൾ തുരന്ന് വീടുണ്ടാക്കുന്നവരായിരുന്നു അവർ. പൊങ്ങച്ചം നടിക്കുന്നവരായിരുന്നു. അതിനേയും എതിർത്തു. രണ്ടും ഒരു പോലെ എതിർത്തു. ഒന്നിനേയും അവഗണിച്ചില്ല. അവരിലുണ്ടായിരുന്ന തൗഹീദിനു വിരുദ്ധമായ രണ്ടിനേയും ഒരുപോലെ എതിർക്കുകയാണ് ചെയ്തത്. അതുകൊണ്ടാണ് പ്രവാചകനായ സ്വാലിഹ്(അ) അവരോട് ചോദിച്ചതായി വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നു: وَتَنْحِتُونَ مِنَ الْجِبَالِ بُيُوتًا فَــ ارِهِينَ നിങ്ങൾ പർവതങ്ങളിൽ പാറകൾ തുരന്ന് വീടുണ്ടാക്കി പൊങ്ങച്ചം നടിച്ചുകൊണ്ട് നിങ്ങൾ അഹങ്കരിക്കുകയാണൊ എന്നവരോട് ചോദിച്ചു. അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടു. അവർ സ്വീകരിച്ചില്ല. അവരെയും അല്ലാഹു ഭൂമിയിൽ അവന്റെ ശാപകോപങ്ങൾക്ക് വിധേയമാക്കി ശിക്ഷിക്കപ്പെട്ടു. ഇന്നും ചരിത്രത്തിൽ പാഠമെന്ന നിലക്ക് മദീനയിൽ നിന്ന്... റിയാദിന്റെയും മദീനയുടേയും ഇടയിലുള്ള ഏകദേശം മദീനയിൽ നിന്ന്... ഏകദേശം അഞ്ച് മണിക്കൂർ നേരത്തെ യാത്രചെയ്താൽ എത്തുന്ന പ്രദേശമുണ്ട്. മദാഇൻ സ്വാലിഹ് എന്ന സ്ഥലം. അവിടെ നിങ്ങൾ... നിങ്ങളിൽ ചിലരെങ്കിലും ഖുർആന്റെ ചരിത്രഭൂമിയിലൂടെ എന്ന കാസറ്റ് കണ്ടിട്ടുണ്ടായിരിക്കും. അതിൽ ഈ ഥമൂദ് ഗോത്രത്തിന്റെ ചരിത്രാവിശിഷ്ടങ്ങൾ, പാറതുരന്ന് വീടുണ്ടാക്കിയതിന്റെ ചിത്രങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. അഥവാ ആ സമൂഹത്തിന്റെ തിന്മയും അതായിരുന്നു. അത്കൊണ്ട് അവരിലേക്ക് നിയോഗിതനായ പ്രവാചകനായ സ്വാലിഹ് നബി(അ) അത് അവസാനിപ്പിക്കാൻ അവരോട് ആവശ്യപ്പെട്ടു. അവർ സ്വീകരിച്ചില്ല. അവരെ ശിക്ഷിച്ചു. അവരെ പരിചയപ്പെടുത്തിയപ്പോൾ ഖുർആൻ പറഞ്ഞു; وَثَمُودَ الَّذِينَ جَابُواْ الصَّخْرَ بِالْوَادِ താഴ്വാരങ്ങളിൽ പാറകൾ തുരന്ന് വീടുണ്ടാക്കിയിരുന്ന ഥമൂദ് ഗോത്രത്തിൽ നിന്റെ നാഥൻ ചെയ്തതെന്താണെന്നറിയാമൊ? صَبَّ عَلَيْهِمْ رَبُّكَ سَوْطَ عَذَابٍ അവരെ ശിക്ഷിച്ച കഥ ഖുർആൻ വിശദമായി പറയുകയാണ് ചെയ്യുന്നത്.”

(ശൈഖ് സാഹിബിന്റെ പ്രസംഗം നേരിട്ട് കേൾക്കാൻ ലിങ്ക് ക്ലിക്ക് ചെയ്യുക. http://dawah.webng.com/ji/Samudh_Samudhayam.wmv )

പ്രിയപ്പെട്ട സഹോദരങ്ങളെ, ജീവിച്ചിരിക്കുമ്പോൾ തിരുത്തിയില്ലെങ്കിൽ പരലോകത്ത് അത്യധികം ഖേദിക്കേണ്ടിവരുന്ന ഗുരുതരമായ കളവാണ് അല്ലാഹുവിന്റെ പേരിൽ പ്രാസംഗികൻ ആരോപിച്ചിട്ടുള്ളത്. ഖുർആനിലെവിടെയും പാറതുരന്ന് വീടുണ്ടാക്കിയതിനെ ഒരു തിൻമയായി അല്ലാഹുവോ അവന്റെ ദൂതനായ സ്വാലിഹ്(അ) നബിയോ വിശേഷിപ്പിച്ചിട്ടില്ല. എന്നാൽ ശൈഖ് അവർകൾ പറയുന്നത് പാറ തുരന്ന് വീടുണ്ടാക്കിയത് തൗഹീദിനു വിരുദ്ധവും (ശിർക്കും), സ്വാലിഹ്(അ) നബിയുടെ സമൂഹത്തിന്റെ മുഖ്യതിൻമയുമാണ് എന്നതായിരുന്നു. എന്തുമാത്രം ഖേദകരമാണ് ശൈഖിന്റെ പ്രസ്താവന! സത്യത്തിൽ, പാറ തുരന്ന് വീടുണ്ടാക്കാനുള്ള കഴിവ് അവർക്ക് നല്കപ്പെട്ട അല്ലാഹുവിന്റെ ഒരനുഗ്രഹമായിരുന്നു. ആ നിലക്കാണ് അല്ലാഹു ഖുർആനിൽ അതിനെ സംബന്ധിച്ച് വ്യക്തമാക്കിയതും. അതിനെയാണ് ജമാഅത്ത് നേതാവ് ശിർക്കാക്കി മാറ്റിയത്. അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അവനല്ലാതെ വേറെയൊരു ദൈവവുമില്ല എന്നും പറഞ്ഞതിനുശേഷം അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹങ്ങളെ എടുത്തു പറയുന്നത് കാണുക:

وَاذْكُرُواْ إِذْ جَعَلَكُمْ خُلَفَاءَ مِن بَعْدِ عَادٍ وَبَوَّأَكُمْ فِي الأَرْضِ تَتَّخِذُونَ مِن سُهُولِهَا قُصُورًا وَتَنْحِتُونَ الْجِبَالَ بُيُوتًا فَاذْكُرُواْ آلاء اللّهِ وَلاَ تَعْثَوْا فِي الأَرْضِ مُفْسِدِينَ

സാരം: "ആദ് സമുദായത്തിനു ശേഷം അവൻ നിങ്ങളെ പിൻഗാമികളാക്കുകയും, നിങ്ങൾക്കവൻ ഭൂമിയിൽ വാസസ്ഥലം ഒരുക്കിത്തരുകയും ചെയ്ത സന്ദർഭം നിങ്ങൾ ഓർക്കുകയും ചെയ്യുക. അതിലെ സമതലങ്ങളിൽ നിങ്ങൾ സൗധങ്ങളുണ്ടാക്കുന്നു. മലകൾ വെട്ടിയെടുത്ത് നിങ്ങൾ വീടുകളുണ്ടാക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ നിങ്ങളോർത്തു നോക്കുക. നിങ്ങൾ നാശകാരികളായിക്കൊണ്ട് ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കരുത്. (അഅ്റാഫ്: 74)

പാറ തുരന്ന് വീടുണ്ടാക്കാനുള്ള കഴിവ് നല്കിയ അല്ലാഹുവിൻെറ അനുഗ്രഹത്തിന് നന്ദി കാണിക്കുവാനായിരുന്നു സ്വാലിഹ്(അ) നബി ഥമൂദ് ജനതയെ ഉപദേശിച്ചത്. അല്ലാഹു നല്കിയ ഈയൊരനുഗ്രത്തെയാണ് ശൈഖ് അവർകൾ തൗഹീദിനു വിരുദ്ധമായ അഥവാ ശിർക്കായ പ്രവൃത്തിയായി എടുത്തു കാണിച്ചത്. ബഹുദൈവാരാധനയോട് തുല്യപ്പെടുത്തികൊണ്ട് പാറ തുരന്ന് വീടുണ്ടാക്കുന്നത് മഹാപാപമായി കാണിക്കാൻ ശ്രമിച്ചത്, രാഷ്ട്രീയ തിമിരത്തോടെ ഇസ്ലാമിനെ അദ്ദേഹം സമീപിച്ചത് കൊണ്ട് മാത്രമാണ്. അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കുകയും അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കുകയും ചെയ്യുന്ന യാഥാസ്ഥിക വിഭാഗത്തോട് വിട്ടുവീഴ്ച്ചയില്ലാതെ നടത്തികൊണ്ടിരിക്കുന്ന ഇസ്ലാഹീ മുന്നേറ്റത്തെ നിസാരവത്കരിക്കാനും, തങ്ങൾ ചെയ്യുന്നതാണ് യഥാർത്ഥ തൗഹീദി പ്രബോധനമെന്ന് പ്രകടിപ്പിക്കാനും സ്വീകരിച്ച മാർഗം ആശാസ്യമല്ലാത്ത ബുദ്ധിമോശത്തിലേക്കാണ് ഇവരെ എത്തിച്ചിരിക്കുന്നത്.

ഒരു കൂട്ടർ അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കാൻ വേണ്ടി ഖുർആനിനെ തെറ്റായി എടുത്തുദ്ധരിക്കുമ്പോൾ, മറ്റൊരു കൂട്ടർ തങ്ങളുടെ രാഷ്ട്രീയമായ 'ആധികാരികത' കാണിക്കാൻ അതേ പാത തന്നെ പിന്തുടരുന്നു. ശൈഖ് മുഹമ്മദ് കാരക്കുന്നിൻെറ ഇത്തരം കുരുട്ടുവിദ്യകളെ തടുത്തു നിർത്താൻ അല്ലാഹുവിൽ ഭയമുള്ള, പരലോകത്തെ പേടിക്കുന്ന ആരും തന്നെയില്ലെ ജമാഅത്ത് സഹോദരങ്ങളെ നിങ്ങളുടെ കൂട്ടത്തിൽ? ഇത്തരം തട്ടിപ്പുകളുമായി ജമാഅത്തെ ഇസ്ലാമി ജനങ്ങൾക്കിടയിൽ വന്നാൽ അതിൻെറ വാസ്തവികത മനസിലാക്കികൊടുക്കേണ്ട ഉത്തരവാദിത്വം അല്ലാഹുവിൻെറ ദീൻ ഇഷ്ടപ്പെടുന്ന സത്യവിശ്വാസികൾക്കുണ്ട്. ആ കർത്തവ്യം നിർവ്വഹിക്കുന്നതോടൊപ്പം ഒരിക്കൽ കൂടി ഒരപേക്ഷ, പ്രിയ ജമാഅത്തെ ഇസ്ലാമി സഹോദരങ്ങളെ, നിങ്ങൾ നിലകൊള്ളുന്ന വക്രമായ പ്രസ്ഥാനത്തെ വെടിഞ്ഞ് ഇനിയെങ്കിലും അല്ലാഹുവിൻെറ റസൂൽ(സ) പഠിപ്പിച്ചു തന്ന അവക്രമായ മാർഗത്തിലേക്ക് കടന്നു വരിക. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.

**അൻവർ അബൂബക്കർ**